# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.6/393/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/04/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12,1-25,1-27,1-30 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.6/393/2021 തീയ്യതി: 26/04/2021

## കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 19-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശശികുമാർ എം പി | ഡപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 04-03-2021 | 19-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-03-2021 | 19-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ --ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീമതി.റീന പിട്ടൻ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.രമ്യ.ടി-ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടി വി ലക്ഷ്മി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷീജാമണി | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽ കുമാർ .പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ ആന്റണി ആർ | വി ഇ ഒ ഇരിവേരി | 01-04-2019 | 11-06-2019 |
| ശ്രീ റെജി തുണോളി (ഇൻ ചാർജജ) | വി ഇ ഒ ഇരിവേരി | 12-06-2019 | 30-06-2019 |
| ശ്രീമതി അഷിത സി എം | വി ഇ ഒ ഇരിവേരി | 01-07-2019 | 31-03-2020 |
| ശ്രീമതി ശ്രീലത | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 01-09-2019 |
| ശ്രീമതി ലീന കോട്ടായി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-09-2019 | 10-11-2019 |
| ശ്രീമതി ശ്രീലത | ഐ സി ഡി എസ് സൂപ്പർവൈസർ | 11-11-2019 | 31-03-2020 |
| ഡോ .സോനു ബി നായർ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 26-04-2019 |
| ഡോ മായ കെ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 27-04-2019 | 31-03-2020 |
| ശ്രീമതി ബിന്റി ലക്ഷമണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 28-01-2020 |
| ശ്രീ സുനിഷ് | അസിസ്റ്റന്റ് സെക്രട്ടറി | 29-01-2020 | 06-02-2020 |

| | | | |
|---|---|---|---|
| ശ്രീമതി ബിന്ദു എം | അസിസ്റ്റന്റ് സെക്രട്ടറി | 07-02-2020 | 31-03-2020 |
| ഡോ ഷൈനി കെ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ ദീപാരാജ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി നിർമ്മല മനോളി | ഹെഡ്മാസ്റ്റർ ജി എച്ച് എസ് ചാല | 01-04-2019 | 31-03-2020 |
| ശ്രീ റെജി തൂണോളി | വി ഇ ഒ ചെമ്പിലോട് | 01-04-2019 | 28-10-2020 |
| ശ്രീമതി ലക്ഷ്മി ആർ നാഥ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സന്തോഷ് മമ്മാലി | വി.ഇ.ഒ. ചെമ്പിലോട് | 29-10-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-04-2021) | 1-2-1 |
| 4 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Reena Pittan (Asst. Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Reena Pittan (Asst. Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Remya T (Auditor, On 08-03-2021)<br>Last Updated By: Lathavani (Audit Officer, On 21-03-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Lathavani (Audit Officer, On 21-03-2021) | 1-10 |
| 13 | ഇ-ടെണ്ടർ : ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: Reena Pittan (Asst. Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-11 |
| 14 | തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്<br>Written By: Remya T (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-12 |
| 15 | വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്<br>Written By: Remya T (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-13 |
| 16 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ/ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ<br>Written By: Remya T (Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-14 |

| | | |
|---|---|---|
| 17 | 100% നികുതി പിരിവിന് പാരിതോഷികം – അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-15 |
| 18 | ആദായനികുതി ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ് അനുവദനീയമല്ല<br>Written By: Reena Pittan (Asst. Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-16 |
| 19 | വാഹനങ്ങളുടെ പരിപാലനം -ചെലവ് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-17 |
| 20 | തെരുവ് വിളക്കുകളുടെ ചാർജ്ജ് - ഒടുക്കുന്ന തുകയുടെ വ്യക്തത ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-04-2021) | 1-18 |
| 21 | തെരുവ് വിളക്ക് റിപ്പയർ- വിളക്കുകളുടെ എണ്ണത്തിലുള്ള കൃത്യത ഉറപ്പുവരുത്തേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-04-2021) | 1-19 |
| 22 | വിവിധ അംഗനവാടികൾക്ക് വയറിംഗും കെ എസ് ഇ ബി യിൽ ഒ വൈ ഇ സി ചാർജ്ജ് ഡപ്പോസിറ്റ് ചെയ്യലും- പൂർത്തീകരണ രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-04-2021) | 1-20 |
| 23 | കാക്കോത്ത് സ്റ്റേഡിയം ടോയ് ലറ്റിന് വാട്ടർ കണക്ഷൻ -പ്രവൃത്തി പൂർത്തീകരണ വിവരം/ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല<br>Written By: Reena Pittan (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-21 |
| 24 | ടി ആർ 7 എ) കാഷ് ബുക്ക് കുറ്റമറ്റതായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-04-2021) | 1-22 |
| 25 | കാലി ബാരൽ വില ,ജിഎസ് ടി കൃത്യമായി ഈടാക്കാത്തത്<br>Written By: Lathavani (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-04-2021) | 1-23 |
| 26 | മരാമത്ത് പ്രവൃത്തി -ഫയൽ സൂക്ഷിപ്പിലെ അപാകങ്ങളും നിർവ്വഹണത്തിലെ പോരായ്മകളും<br>Written By: Lathavani (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-24 |
| 27 | റർബൻ ഫണ്ട് - കരാറിലേർപ്പെടാതെ വൻ തുക ഡപ്പോസിറ്റ് നൽകി -പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-04-2021) | 1-25 |
| 28 | ഹരിതകർമ്മസേനക്ക് - അഡ്വാൻസ് - ക്രമീകരിക്കേണ്ടതാണ്. | 1-26 |

| | | |
|---|---|---|
| | Written By: Reena Pittan (Asst. Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-04-2021) | |
| 29 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം -അപാകതകൾ - 4313 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു.<br>Written By: Remya T (Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-04-2021) | 1-27 |
| 30 | പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി- രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക 80187 തടസ്സപ്പെടുത്തുന്നു<br>Written By: Reena Pittan (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-28 |
| 31 | പഠനമുറി നിർമ്മാണം എസ് സി - അപാകങ്ങൾ<br>Written By: Reena Pittan (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-29 |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ-<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Lathavani (Audit Officer, On 18-03-2021) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 18-03-2021)<br>Last Updated By: Lathavani (Audit Officer, On 18-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-04-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 19-03-2021)<br>Last Updated By: Lathavani (Audit Officer, On 19-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 19-03-2021)<br>Last Updated By: Lathavani (Audit Officer, On 19-03-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Lathavani (Audit Officer, On 19-03-2021)<br>Last Updated By: Lathavani (Audit Officer, On 19-03-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 21-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സപെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്.

ഭരണസമിതിയുടെ 20.02.2019 ലെ44/19 നമ്പർ തീരുമാന പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് അംഗീകരിക്കുന്നതിന് മുൻപായി ബജറ്റ് ചർച്ച നടത്തുകയും ഭിന്നശേഷിക്കാർക്കും, പാലിയേറ്റീവ് പരിചരണത്തിനും തുക വർദ്ധിപ്പിക്കാനും, നൂതന പദ്ധതികൾ കണ്ടെത്താനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഭരണസമിതിയുടെ 06.03.2020 ലെ 68/20 നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 11838348 | 13445449 |
| വരവ് | 220294413 | 119050704 |
| ആകെ | 232132761 | 132496153 |
| ചെലവ് | 215770175 | 116893129 |
| നീക്കിയിരിപ്പ് | 16362586 | 15603024 |

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 15.05.2020 തീയതിയിലെ 101/20 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിന് ലഭിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2019 | 03/07/2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1- 2018-19 വർഷം ബയോഗ്യാസ് പ്രോജക്ടിനുവേണ്ടി ഈടാക്കിയ ഗുണഭോക്തൃവിഹിതം ,പ്രോജക്ട് നടപ്പിലാക്കാത്തതിനാൽ തിരികെ കൊടുക്കാനുള്ള ഗുണഭോക്തൃവിഹിതം ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല

2-- വികസന ഫണ്ട് (ജനറൽ,എസ് സി പി ,സംരംക്ഷണ ഗ്രാന്റ് , ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിലെ ക്യൂ ബിൽ തുക 75.32 ലക്ഷം ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

3-കുടിവെള്ളക്കരം കുടിശ്ശിക ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല

## 1-2-2 വാർഷിക കണക്കിലെ അപാകങ്ങൾ

വസ്തു നികുതി ,കുടിശ്ശിക വസ്തു നികുതി വരവ്,നീക്കിയിരിപ്പ്, സഞ്ചയയും സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല .

നികുതി റിവിഷൻ,പ്യൂരിഫിക്കേഷൻ എന്നിവ ചെയ്യുമ്പോൾ വർഷം തെറ്റി രേഖപ്പെടുത്തിയതാണ് വ്യത്യാസത്തിന് കാരണമെന്ന മറുപടി രേഖകൾ സഹിതം വിശദമാക്കിയിട്ടില്ല

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ സാംഖ്യ പ്രകാരമുള്ള വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല .

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,65,28,543.95 |
| വരവ് | 10,23,68,920.00 |
| ആകെ | 12,88,97,463.95 |
| ചെലവ് | 8,70,74,919.00 |
| നീക്കിയിരിപ്പ് | 4,18,22,544.95 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3010 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 84500 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായത്/ നീക്കി യിരിപ്പ് | ക്യൂ ബിൽ |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 0 | 1,44,14,390 | 1,44,14,390 | 1,35,62,794 | | 8,51,596 |
| വികസന ഫണ്ട് എസ് സി പി | | 0 | 12,47,000 | 12,47,000 | 9,22,187 | 1,84,813 | 1,40,000 |
| സംരക്ഷണ ഗ്രാൻറ് റോഡ് | | 0 | 1,23,39,000 | 1,23,39,000 | 42,81,306 | 32,30,377 | 48,27,317 |
| സംരക്ഷണ ഗ്രാൻറ് നോൺ റോഡ് | | 0 | 45,73,587 | 45,73,587 | 39,51,885 | | 6,21,702 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 1,03,98,563 | 1,03,98,563 | 30,89,324 | 62,18,161 | 10,91,078 |
| തൊഴി ലുറപ്പ് പദ്ധതി | കൂലി | 0 | 1,63,93,233 | 1,63,93,233 | 1,63,93,233 | 0 | |
| | ഭരണ ചെലവ് | 3685 | 5,43,484 | 5,47,169 | 1,19,902 | 4,27,267 | |
| കേന്ദ്രാ | ശുചിത്വ | 475100 | 0 | 475100 | 242089 | 233011 | |

| | | | | | | | |
|---|---|---|---|---|---|---|---|
| വിഷ്കൃത വിഹിതം | മിഷൻ ഫണ്ട് | | | | | | |
| | എം പി ഫണ്ട് | 6389 | 223 | 6612 | 0 | 6612 | |
| റർബൻ | | 39631429 | 39631429 | 38340333 | 1291096 | | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | 12000 | 0 | 12000 | 0 | 12000 | |
| സംസ്ഥാന സർക്കാർ ഗ്രാൻറ് | കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | |
| | തൊഴിലുറപ്പ് 100 ദിനം ഇൻസെന്റീവ് | 0 | 231000 | 231000 | 231000 | 0 | |
| | ശുചിത്വം | 967291 | 163767 | 1131058 | 122782 | 1008276 | |
| | കുടുംബശ്രീ | 1579794 | 10600 | 1590394 | 312032 | 1278362 | |
| എം.പി. ഫണ്ട് | | 6389 | 223 | 6612 | 0 | 6621 | |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | | 49500 | 0 | 49500 | 0 | 49500 | |
| ദുരിതാശ്വാസ നിധി | | 49,399 | 25,613 | 75,012 | 6,000 | 69,012 | |
| ഗുണഭോക്തൃ വിഹിതം | | 436 | 1094185 | 1094621 | 1094185 | 436 | |

റോഡ് സംരക്ഷണ ഗ്രാന്റ് ,ധനകാര്യ കമ്മീഷൻഗ്രാന്റ് എന്നിവയുടെ സാംഖ്യ എ സി ആറിൽ 3 ബില്ലുകൾ( 22,54,941 രൂപ ) കരാറുകാരൻ ബിൽ ഡിസ്കൗണ്ട് സ്കീം അനുസരിച്ച് സർക്കാർ നിർദ്ദേശ പ്രകാരം തുക ബാങ്കുകളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. തുക തൻവർഷം മാറിയിട്ടില്ല

സംസ്ഥാന സർക്കാർ ഗ്രാന്റിൽ ശുചിത്വ മിഷൻ ഫണ്ട് നീക്കിയിരിപ്പിൽ 4.55.ലക്ഷം ODF വിഹിതവും 1.90 ലക്ഷം MRF കെട്ടിടനിർമ്മാണ ബാക്കി തുകയുമാണ് .2018-19 ൽ ബഡ്സ് സ്കൂളിന് വേണ്ടി ലഭിച്ച കുടുംബശ്രീ ഫണ്ടിൽ 12.5 ലക്ഷം നീക്കിയിരിപ്പുണ്ട്. തുക ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിൻറെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച് പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 6,92,52,227 | 111 | 24 | 3,54,26,344 | 50 | 54 |

ആസൂത്രണ സമിതി

ആസൂത്രണ സമിതി ഈ വർഷം പുന:സംഘടിപ്പിച്ചിട്ടില്ല .ആസൂത്രണ സമിതിയിൽ 16 അംഗങ്ങൾ ഉണ്ട് .2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് എല്ലാ പഞ്ചായത്തിലും 2.10.2018ന് ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേരേണ്ടതാണെന്ന ഗവ: നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യോഗം ചേർന്നിട്ടുണ്ട്. 31.10.2018ന് ചേർന്ന യോഗത്തിൽ ഡിസംബർ മാസത്തോടെ ഡി പി സി അംഗീകാരം വാങ്ങേണ്ട ആവശ്യകതയെകുറിച്ചും, 2018-19 വാർഷിക പദ്ധതി ചെലവ് പുരോഗതി, 2019-20 വാർഷിക പദ്ധതി മുന്നൊരുക്ക പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്തിട്ടുണ്ട്. 4.12.2018 ൽ കൂടിയ യോഗത്തിൽ 2019-20 വാർഷിക പദ്ധതി അന്തിമമാക്കുന്നതിനായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ അവലോകനം ചെയ്യുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം 22.11.2019 നം ,16.1.2020 നമായി രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. 2019-20 വാർഷീക പദ്ധതിഅവലോകനം ,2020-21 വാർഷിക പദ്ധതി രൂപീകരണം എന്നിവയുമായി ബന്ധപ്പെട്ട ചർച്ചകൾ

നടത്തിയിട്ടുണ്ട്

വർക്കിംഗ് ഗ്രൂപ്പ് -

2019-20 വാർഷീക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് (29.09.2018 ലെ ഭരണസമിതി തീരുമാന നം2/395/18) പുന:സംഘടിപ്പിച്ചിട്ടുണ്ട്. ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം , പരിസ്ഥിതിസംരക്ഷണം, ദുരന്ത നിവാരണം എന്ന പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷം 4 യോഗങ്ങൾ ചേർന്നിട്ടുണ്ട്. 5.4.2019 ന് കൂടിയ യോഗത്തിൽ 2018-19 ലെ വർഷിക പദ്ധതികൾ മോണിറ്റർ ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷവും 4 (5.4.2019,23.11.2019.20.2.2020&26.2.2020) യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. 26.2.2020 ന് കൂടിയ യോഗത്തിൽ 2019-20 പദ്ധതി അവലോകനം നടത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മിറ്റി - പ്രതിമാസം 2 തവണ വീതം യോഗം ചേരുന്നുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പൊതുഭരണം,നികുതി പിരിവ് അവലോകനം എന്നിവ കൃത്യമായി നടത്തുന്നുണ്ട്. എന്നാൽ പുതിയ ധനാഗമന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ചർച്ചകളൊന്നും നടത്തിയിട്ടില്ല. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സാമൂഹ്യസുരക്ഷ പെൻഷൻ ,പദ്ധതി അവലോകനം എന്നിവ നടത്തുന്നുണ്ട്. തൊഴിൽ രഹിത വേതന അർഹത പരിശോധന നടത്തി 27 പേരിൽ നിന്നും 25 പേരുടെ അപേക്ഷ റദ്ദ് ചെയ്തിട്ടുണ്ട്. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ സമർപ്പിച്ച നോൺപ്ലാൻ ബജറ്റ് ശുപാർശ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്.

വികസന സെമിനാർ- 2019-20 വാർഷീക പദ്ധതിരൂപീകരണത്തിനായി കരട് പദ്ധതിരേഖ ചർച്ച ചെയ്യുന്നതിന് 2.12.2018 ന് വികസന സെമിനാർ കൂടിയിട്ടുണ്ട്. സെമിനാറിൽ 216 പേർ പങ്കെടുത്തിട്ടുണ്ട് . 20.2.2020 ന് ദുരന്ത നിവാരണ കരട് പദ്ധതി അംഗീകരിക്കുന്നതിനായ വികസന സെമിനാർ കൂടിയിട്ടുണ്ട്.

ഗ്രാമസഭ -ചില വാർഡുകളുടെ ഗ്രാമസഭ മിനുട്ട്സ് തൃപ്തികരമായി എഴുതുന്നില്ല. യോഗതീയതി, സ്ഥലം എന്നിവ രേഖപ്പെടുത്തുന്നില്ല. ഈ വർഷം 5ൽ കുറയാതെ ഗ്രാമസഭ കൂടിയിട്ടുണ്ട്. എന്നാൽ ചില യോഗങ്ങളിൽ ക്വാറം തികയുന്നില്ല. നവകേരള മിഷൻ, ദുരന്ത നിവാരണ പദ്ധതി, ജലസംരക്ഷണം, ഹരിതഗ്രാമസഭ എന്നിവയാക്കായി ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. മിനുട്ട്സ് കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതാണ് .

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3685 | 543484 | 547169 | 119902 | 427267 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16392521 | 16392521 | 16392521 | 0 |

2019-20 വർഷം ആക്ഷൻ പ്ലാൻ പ്രകാരം 166 പ്രവൃത്തികൾക്ക് അംഗീകാരം കിട്ടിയതിൽ 109 നടപ്പിലാക്കിയതിൽ 65 എണ്ണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂർത്തിയാക്കിയവയിൽ 27 എണ്ണം നീർത്തട സംരക്ഷണത്തിനായുള്ളതും 16 എണ്ണം വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിനായുള്ളതും 22എണ്ണം റോഡ് പ്രവൃത്തികൾക്കായുള്ളതുമാണ്. 2019-20 വർഷം ആകെ 30773 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തൻവർഷം 156 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ അനുവദിക്കാനും സാധിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2843300 | 496 |
| തൊഴിൽരഹിത വേതനം | 1920 | 2 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 7398000 | 1328 |
| വാർധക്യകാല പെൻഷൻ | 9520800 | 2801 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2066800 | 366 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1475400 | 261 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.21 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13586/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം യോഗം ചേർന്ന് നികുതി പിരിവ് ,പെൻഷൻ മസ്റ്ററിംഗ്, പദ്ധതി നിർവ്വഹണ പുരോഗതി എന്നിവ അവലോകനം ചെയ്യുന്നുണ്ട്. സൂചിക ബാക്ക് ഓഫീസ് വഴി ഫയൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ഐകെ എമ്മിന്റെ സഹായം തേടാൻ സ്റ്റാഫ് മീറ്റിംഗ് യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. വസ്തു നികുതി ഇ പേയ്മെന്റായി സ്വീകരിക്കുന്നുണ്ട്. പൊതുജനങ്ങളെ സഹായിക്കുന്നതിനായി ഓഫീസ് കോമ്പൗണ്ടിനുള്ളിൽ " Help Desk " കാബിൻ ഉണ്ട്. ഇവിടെ ജനപ്രതിനിധികൾ ഓരോരുത്തരായി ഇരുന്ന് ആവശ്യമായ സഹായം ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിവരങ്ങൾ യഥാസമയം ജനങ്ങളിലേക്കെത്തിക്കുന്നതിന് കേന്ദ്രീകൃത എസ് എം എസ് വിവരസംവിധാനം ഒരുക്കിയിട്ടുണ്ട്. ഭരണസമിതിയുടെ 31.8.2018 ലെ 238/18 നമ്പർ പ്രകാരം ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള യോഗം ചേരുകയും രജിസ്റ്റർ കാലികമാക്കുകയും ചെയ്തിട്ടുണ്ട്. ഫയലുകൾ ക്രമമായി സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ് .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിററ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18.02.2021 | 01/21 | 18.02.2021 |
| അക്കൌണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 03.01.2011 മുതൽ 15.01.2011 വരെ | 2005-06 മുതൽ 2009-10 വരെ | 14.02.2011 |

## 1-11 ഇ-ടെണ്ടർ : ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

2019-20 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെഅക്കൗണ്ടിൽനിന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല . 105834 രൂപ തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

2019-20 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട കാലയളവ് |
|---|---|---|
| 1 | ഭാരത് വിദ്യാമന്ദിർ ഇംഗ്ലീഷ് സ്കൂൾ | 2019-20ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | ഭാരതീയ വിദ്യാമന്ദിർ ഇംഗ്ലീഷ് സ്കൂൾ | 2019-20ഒന്നും,രണ്ടും അർദ്ധവർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീയതി 09.03.2021) തുക ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളാണുള്ളത്. വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയും, വ്യാപാരം നിർത്തിയവ രേഖപ്പെടുത്തിയും

ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2019-20 ട്രേഡേഴ്സ് ലിസ്റ്റു പ്രകാരം, വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യമോ വ്യവസായമോ അല്ല എന്നും പാർപ്പിടാവശ്യമാണെന്നും കണ്ടു. ചി ല ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സഞ്ചയയിലെ ഉപയോഗക്രമം |
|---|---|---|
| 1 | 3/249 | പാർപ്പിടാവശ്യം |
| 2 | 4/1581 | " |
| 3 | 4/901 | " |
| 4 | 4/213 | " |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.22- തീയ്യതി 17-3-2021) പ്രസ്തുത കെട്ടിടങ്ങളിൽ മുൻ വർഷങ്ങളിൽ ലൈസൻസ് അനുവദിച്ചു വരുന്നതാണെന്നും, കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റുന്നതിന് കെട്ടിട ഉടമയെ വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി പുനർനിർണയം നടത്തി കുടിശ്ശികയടക്കം ഈടാക്കേണ്ടതും ലൈസൻസ് നൽകിയ കെട്ടിടം തന്നെയാണ് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ/ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ

A)കേരള പഞ്ചായത്ത് രാജ് 2011 ബിൽഡിങ് റൂൾസ് ചട്ടം 97 Aപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് 2011 ലെ ബിൽഡിങ് റൂൾസ് ചട്ടം 97 A പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്കുമേൽ ഒന്നാം നിലയുടെയോ, രണ്ടാം നിലയുടെയോ നിർമ്മാണങ്ങളും, കൂട്ടിച്ചേർക്കലുകളും ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. എന്നാൽ ഇത്തരം കെട്ടിടങ്ങൾക്ക് പെർമിറ്റ് ലഭിച്ചതിനുശേഷം പിന്നീട്

കൂട്ടിച്ചേർക്കലുകൾക്ക് അതിനനുസൃതമായി വസ്തു നികുതി നിർണ്ണയിക്കാതിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. തദ്ദേശ ഭരണം (ആർ ബി) വകുപ്പിന്റെ 01/03/2016 ലെ LSGD- RB 3/29/2016 – തസ്വഭവ നമ്പർ കത്ത് പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്കുമേൽ നിർമ്മാണം/കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റ് അനുവദിക്കുമ്പോൾ ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ തുറന്ന് വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്കായി സൂക്ഷിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ മേൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

B)റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്, ഇത് ക്രമപ്രകാരമല്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 100% നികുതി പിരിവിന് പാരിതോഷികം – അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

2016-17, 2017-18 വർഷങ്ങളിൽ 100% നികുതി പിരിവ് ലക്ഷ്യം കൈവരിച്ചതിന് പാരിതോഷികമായി സെക്രട്ടറിക്കും ജീവനക്കാർക്കും വൗച്ചർ നം 21900387/07.09.19 പ്രകാരം 3,41,191/-രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് പ്രകാരം സെക്രട്ടറിക്ക് ഒരു മാസത്തെ അടിസ്ഥാന ശമ്പളത്തിന്റെ പകുതിക്കാണ് അർഹതയുള്ളത് എന്നാൽ വൗച്ചർ പ്രകാരം പാരിതോഷികം അനുവദിക്കുന്നതിന് അടിസ്ഥാനമാക്കിയിരിക്കുന്നത് ഒരു മാസത്തെ അടിസ്ഥാന ശമ്പളമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/18.3.21) അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്കുള്ള പാരിതോഷികം കണക്കാക്കുന്നതിനുള്ള ഉത്തരവുകൾ പരിശോധതനക്ക് ഹാജരാക്കേണ്ടതും ശ്രീ. രത്നാകരൻ കെ. സെക്രട്ടറിക്ക് മുഴുവൻ അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 ആദായനികുതി ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ് അനുവദനീയമല്ല

ഓഡിറ്റ് അന്വേഷണം നമ്പർ : 24/8-03-2021

ആദായനികുതിയുടെ ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള പ്രൊഫഷണൽ ചാർജ് ഇനത്തിൽ താഴെ പറയുന്ന തുകകൾ ചാർട്ടേർഡ് കൺസൽട്ടൻസി സെന്റർ, സൗത്ത് ബസാർ കണ്ണൂർ എന്ന പ്രൊഫഷണൽ ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം /തീയതി | തുക |
|---|---|
| 21900030/5.4.19 | 800 |
| 21900258/17.7.19 | 800 |
| 21900308/8.8.19 | 1200 |
| 2190731/27.12.19 | 1200 |
| 2190760/1.1.20 | 400 |
| 219095/17.02.20 | 400 |

സ്ഥാപനത്തിന്റെ ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യുക എന്നത് സ്ഥാപനമേധാവിയുടെ /ഡി.ഡി.ഒ.മാരുടെ വ്യക്തിപരമായ ഉത്തരവാദിത്തമാണ്. ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ്

ആവശ്യമായ പരിശീലനവും ഡി.ഡി.ഒ.മാർക്ക് നൽകിവരുന്നുണ്ട്. ആഫീസിൽ ലഭ്യമായ ഇന്റർനെറ്റ് സംവിധാനം ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നിശ്ചിത നിരക്കിലുള്ള അപ് ലോഡിങ്ങ് ഫീ ചെലവാക്കാൻ മാത്രമേ സർക്കാർ അനുമതിയുള്ളൂ. ഓഫീസിൽ വച്ച് തന്നെ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വാഹനങ്ങളുടെ പരിപാലനം -ചെലവ് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഔദ്യോഗിക ആവശ്യത്തിനും ബഡ്സ് സ്കൂളിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെയും പരിപാലനവുമായി ബന്ധപ്പെട്ട് തൻവർഷം അറ്റകുറ്റ പണികൾക്കായി 68644 രൂപയും ഇന്ധനം നിറക്കുന്നതിന് 1,24,626 രൂപയും ചെലവ് വന്നിട്ടുണ്ട്. വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1-വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് കൃത്യസമയത്ത് നടത്തുന്നില്ല.

2.വാഹനത്തിന്റെ അറ്റകുറ്റപ്പണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല.

3. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല.

സ.ഉ. (എം.എസ്) നം 170/07/തസ്വഭവ/30.06.2007 പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് ഇടക്കിടെ പരിശോധിക്കേണ്ടതാണ്. ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമതാ ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തി സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

സർക്കുലർ നം 41/2008/ധനം 02/08/2008 പ്രകാരം ഇന്ധനക്ഷമതാ ടെസ്റ്റ് എല്ലാവർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. ഇന്ധനത്തെയും അറ്റകുറ്റപ്പണികളുടെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്.

## 1-18 തെരുവ് വിളക്കുകളുടെ ചാർജ്ജ് - ഒടുക്കുന്ന തുകയുടെ വ്യക്തത ഉറപ്പുവരുത്തേണ്ടതാണ്.

2019-20 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 04/2019മുതൽ 07/2019 വരെയുള്ള മാസങ്ങളിൽ 81700 രൂപയും 08/2019 മാസം 88596 രൂപയും 09/2019 മുതൽ 12/2019 വരെയുള്ള മാസങ്ങളിൽ 89975രൂപയും 01/2020 മാസം 87389 രൂപയും 02/2020 ൽ 86095രൂപയും 03/2020 ൽ 87115 രൂപയും കെ എസ് ഇ ബി ക്ക് നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ ചാർജ്ജൊടുക്കുന്നതുമായി ബന്ധപ്പെട്ട് കെ എസ് ഇ ബി ചക്കരക്കൽ സെക്ഷനിൽ നിന്നും BB/CKL/SL/17-18/12.06.20 പ്രകാരം ലഭിച്ചിട്ടുള്ളത് താഴെ കൊടുത്തിരിക്കുന്ന പത്രിക മാത്രമാണ്. പത്രികയിൽ അത്രയും ബൾബുകൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട് എന്നതിനുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

| വിളക്കിന്റെ ഇനം | എണ്ണം | ചാർജ്ജ് |
|---|---|---|
| ഓർഡിനറി ബൾബ് 40 | 24 | 1584 |
| ഫ്ലൂറസെന്റ് ട്യൂബ് 40 | 655 | 43230 |
| ഫ്ലൂറസെന്റ് ട്യൂബ് 2*40 | 65 | 8710 |
| സോഡിയം വേപ്പർ 250 | 10 | 4470 |
| കോംപാക്ട് ഫ്ലൂറസെന്റ് 1*11 | 40 | 640 |
| കോംപാക്ട് ഫ്ലൂറസെന്റ് 2*11 | 742 | 23647 |
| | | 82282 |

തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

1.മേൽ പരാമർശിച്ച പ്രകാരം വൈദ്യുത ചാർജ്ജ് ഒടുക്കിവരുന്നത്,പഞ്ചായത്ത് പരിധിയിൽ ഏതെല്ലാം വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ഏതിനത്തിലുള്ള വിളക്കുകളുടെ വൈദ്യുത ചാർജ്ജാണ് എന്ന് വ്യക്തമാക്കുന്ന തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2 പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തന ക്ഷമമായ സ്ഥാപിച്ചിട്ടുള്ള വിളക്കുകൾക്കാണ് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനായി കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.സർക്കുലർ നം 65529/ഡി സി3/തസ്വഭവ/12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രവർത്തനക്ഷമമായ വിളക്കുകളുടെ ഉപയോഗത്തിനനുസരിച്ച് മാത്രമാണ് ഒടുക്കി വരുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് റിപ്പയർ- വിളക്കുകളുടെ എണ്ണത്തിലുള്ള കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നമ്പർ പേര് | 50/20 തെരുവ് വിളക്ക് റിപ്പയർ | |
| അടങ്കൽ | 555000 (തനത് ഫണ്ട്) | |
| ചെലവ് | ₹173550 | ₹161775 വൗച്ചർ നം. 21901021/27.03.21 |
| | | ₹11775വൗച്ചർ നം.21901065/31.03.21 |

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി സജിത്ത് വി സി എന്ന കരാറുകാരനുമായി 6,47,100 രൂപയ്ക്ക് 01.10.2019 മുതൽ 30.09.2020 വരെയുള്ള കാലയളവിലേക്ക് കരാറിലേർപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള 1533 വിളക്കുകൾ (720ട്യൂബ് ലൈറ്റുകളും 813 സി എഫ് എൽ ലൈറ്റുകളും) റിപ്പയർ ചെയ്യുന്നതിനാണ് കരാറുണ്ടാക്കിയിരിക്കുന്നത്. അതേസമയം നിലവിൽ 1536 എണ്ണം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കി വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായതും കരാറിലുൾപ്പെടുത്തിയിട്ടുള്ളതുമായ വാർഡടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം വ്യക്തമാക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്ന് കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ കരാറിൽ ഉൾപ്പെട്ടിട്ടുള്ള 1533 വിളക്കുകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി കരാറിലേർപ്പെടുമ്പോൾ വിളക്കുകളുടെ എണ്ണത്തിലുള്ള കൃത്യത ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വിവിധ അംഗനവാടികൾക്ക് വയറിംഗും കെ എസ് ഇ ബി യിൽ ഒ വൈ ഇ സി ചാർജ്ജ് ഡപ്പോസിറ്റ് ചെയ്യലും- പൂർത്തീകരണ രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 120/20 വിവിധ അംഗനവാടികൾക്ക് വയറിംഗും കെ എസ് ഇ ബി യിൽ ഒ വൈ ഇ സി ചാർജ്ജ് ഡപ്പോസിറ്റ് ചെയ്യലും |
| അടങ്കൽ | ₹3746(തനത് ഫണ്ട്)<br>₹10000 (റോഡിതരം) |
| ചെലവ് | 2995 (തനത് ഫണ്ട് (വൗച്ചർ നം 21900327/17.08.19)<br>10000(റോഡിതരം) ബിൽ നം. 6/02.08.2019) |

വിവിധ അംഗനവാടികൾക്ക് വയറിംഗം കെ എസ് ഇ ബി യിൽ ഒ വൈ ഇ സി ചാർജ്ജ് ഡപ്പോസിറ്റ് ചെയ്യലും എന്ന സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി 4 അംഗനവാടികൾക്കും ഹോമിയോ ഡിസ്പെൻസറി, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ, കോയ്യോട് സബ്സെന്റർ എന്നിവിടങ്ങളിലേക്ക് വൈദ്യതി കണക്ഷൻ ലഭ്യമാക്കുന്നതിനായി മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം തൻവർഷം 12,995 രൂപയും കഴിഞ്ഞവർഷം 2254 രൂപയും (ആകെ 15249/-) കാടാച്ചിറ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷന് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ച് പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം 7/ 12-03-2021) നൽകിയതിന് ഇതേ വരെയും പ്രവ്യത്തി പൂർത്തീകരിച്ച് വിനിയോഗിച്ച് വിനിയോഗസാക്ഷ്യപത്രം കെ എസ് ഇ ബി യിൽ നിന്ന് ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 കാക്കോത്ത് സ്റ്റേഡിയം ടോയ് ലറ്റിന് വാട്ടർ കണക്ഷൻ -പ്രവ്യത്തി പൂർത്തീകരണ വിവരം/വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചെമ്പിലോട് ഗ്രാമപഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ പേര് | 186/20 കാക്കോത്ത് സ്റ്റേഡിയം ടോയ് ലറ്റിന് വാട്ടർ കണക്ഷൻ എടുക്കുന്നതിനുള്ള തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നത്. |
| അടങ്കൽ | 15000(തനത് ഫണ്ട് ) |
| ചെലവ് | 9869 (തനത് ഫണ്ട് )( ചെക്ക് നം. 5762523/30.03.21) |

കാക്കോത്ത് സ്റ്റേഡിയം ടോയ് ലറ്റിന് വാട്ടർ കണക്ഷൻ എടുക്കുന്നതിനായി പെരളശ്ശേരി വാട്ടർ സപ്ലൈ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുന്നതിനായി ചെക്ക് നം. 5762523/30.03.20 അനുവദിച്ച തുക വാട്ടർ സപ്ലൈ ഓഫീസിന് കൈമാറിയിരിക്കുന്നത് സെക്രട്ടറിയുടെ 10.06.2020 ലെ എ3-807/20 നമ്പർ കത്ത് പ്രകാരമാണ് തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം . 8/12-03-2021 ) നൽകിയെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല . വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 ടി ആർ 7 എ കാഷ് ബുക്ക് കുറ്റമറ്റതായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ജി ഒ (പി) 177/2006 തി 12.04.2006 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശഭരണ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം ഉൾപ്പെടെ കണക്കുകൾ രേഖപ്പെടുത്തണം. കൂടാതെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകളുടെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധംIV) സൂക്ഷിക്കണം. പരാമർശ പ്രകാരമുള്ള കാഷ് ബുക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള സബ്സിഡിയറി രജിസ്റ്ററിൽ 2019-20 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തിയിട്ടുമില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഫയലുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നതിൽ കൂടുതൽ കൃത്യതയും ശ്രദ്ധയും ചെലുത്തേണ്ടതാണ്.

## 1-23 കാലി ബാരൽ വില ,ജിഎസ് ടി കൃത്യമായി ഈടാക്കാത്തത്

താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും കാലി ബാരൽ വില ,ജിഎസ് ടി എന്നിവ കൃത്യമായി ഈടാക്കിയിട്ടില്ല

ക്രമ നം -1

| | |
|---|---|
| പ്രോജക്റ്റ്&നം | വല സൊസൈറ്റി മാച്ചേരി റോഡ് റീ ടാറിംഗ്&93/20 |
| അടങ്കൽ | 2,06,000 രൂപ |
| ചെലവ് | 2,06,000 രൂപ |
| കരാറുകാരൻ | ശ്രീ.കെ.വി .പത്മരാജൻ |
| എം ബുക്ക് നം | 102/18-19 |
| ബിൽ നം &തീയതി&തുക | 1919015201140019 2766-20/6/19-1,74,010(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>1819015201140151 3572-26.3.19-15990(മെയിന്റനൻസ് ഗ്രാന്റ് -റോഡ്)<br>തനത് ഫണ്ട് -16,000 -18-19 ൽ ചെലവഴിച്ചത് |
| പ്രവൃത്തി മൂല്യം | 205369 |

മേൽ പ്രവൃത്തിയ്ക്ക് വേണ്ടി 11ബാരൽ ടാർ ഉപയോഗിച്ചിട്ടുണ്ട്. ആയതിന്റെ കാലി ബാരൽ വില 2618 ഈടാക്കിയിട്ടുണ്ടെങ്കിലും ബാരൽ വിലയുടെ ജി എസ് ടി (₹471)ഈടാക്കിയിട്ടില്ല

ക്രമ നം -2

| | |
|---|---|
| പ്രോജക്റ്റ്&നം | ഇരിവേരി ആയില്യത്ത് വയൽ റോഡ് റീടാറിംഗ് &91/20 |
| അടങ്കൽ | 5,85,000 |
| ചെലവ് | 5,75,000 |
| കരാറുകാരൻ | ബിനേഷ്.സി |
| എം ബുക്ക് നം | 110/18-19 |
| ബിൽ നം &തീയതി&തുക | 1819015201140157 3467-19.5.19-5,75,000((മെയിന്റനൻസ് ഗ്രാന്റ് -റോഡ്) |
| പ്രവൃത്തി മൂല്യം | 5,61,569.26 |

മേൽ പ്രവൃത്തിയ്ക്ക് വേണ്ടി 27 ബാരൽ ടാർ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ കാലി ബാരൽ വില മുഴുവനും ഈടാക്കിയിട്ടില്ല ₹6426 (ബാരൽ വില)+₹1157 (ബാരൽ വില ജി എസ് ടി) ഈടാക്കേണ്ടതിന് പകരം ₹3416 (ബാരൽ വില)+₹615 ( ബാരൽ വില ജി എസ് ടി ) ആണ് ഈടാക്കിയത് .

കുറവായതുക (₹3010+₹1086 (ജി.എസ്.ടി) (ക്രമനം. 1+2) അതാത് കരാറുകാരിൽനിന്നും ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം -13 തീയതി -14.3.2021 ) മറുപടി നൽകിയിട്ടുണ്ട്

## 1-24 മരാമത്ത് പ്രവൃത്തി -ഫയൽ സൂക്ഷിപ്പിലെ അപാകങ്ങളും നിർവ്വഹണത്തിലെ പോരായ്മകളും

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല എന്ന് കാണുകയുണ്ടായി. അപാകങ്ങൾ താഴെ പറയുന്നു

സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല - പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ച് ടെണ്ടർഭരണസമിതി അംഗീകരിച്ച തീയതി മുതൽ 7 ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് കത്ത് നൽകേണ്ടതും നൽകിയ ദിവസം മുതൽ 14 ദിവസത്തിനകം കരാർചമയ്ക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട് ,(ജി ഒ (പി ) 13/2012 /P W D/1.2.2012-ഖ-2009.6)തൻ വർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയച്ചിട്ടില്ല .

ടെണ്ടർ ഫോറം തിരുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല - ടെണ്ടർ ഫോറത്തിൽ നിരക്ക് തിരുത്തിയിട്ടുണ്ടെങ്കിലും ആയത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല .ഉദാ- മുത്തപ്പൻ ക്ഷേത്രം ഖാദി കേന്ദ്രം റോഡ് ടാറിംഗ്-97/20.ടെണ്ടർ ഫോറത്തിലെ " For Office Use" എന്ന പേജിലും ഒന്നും എഴുതുകയോ സാക്ഷ്യപ്പടുത്തുകയോ ചെയ്യുന്നില്ല .ഉദാഃഹോമിയോ ഡിസ്പെൻസറി ബിൽഡിംഗ് ബാലൻസ് വർക്ക് 94/20 .

കരാർ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല- മിക്ക പ്രവൃത്തികളുടേയും കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. കരാറിൽ സാക്ഷികൾ ഒപ്പിടുന്നില്ല

എം ബുക്കിൽ മെമ്മോ ഓഫ് പെയ്മെന്റ് എഴുതിയിട്ടില്ല – തെക്കേ കൊള്ളിയാൻ റോഡ് ടാറിംഗ് (98/20 ) എം ബുക്കിൽ മെമ്മോ ഓഫ് പെയ്മെന്റ് എഴുതിയിട്ടില്ല. (എം.ബുക്ക് നം. 96/2018-19)

കാലി ബാരൽ തുക കുറച്ചുള്ള തുകയ്ക്ക്റിക്കവറി ഈടാക്കുന്നത്- 2019-20 വർഷം നിർവ്വഹണം നടത്തിയ എല്ലാ സ്പിൽ ഓവർ പ്രവൃത്തികളിലും പ്രവൃത്തിമൂല്യത്തൊടൊപ്പം ജിഎസ് ടി കോംപൻസേഷൻ കൂട്ടി, കാലി ബാരൽ തുക കുറച്ചതിന് ശേഷമുള്ള തുകയ്ക്കാണ് റിക്കവറികളായ ആദായ നികുതി, കെ സി ഡബ്ല്യൂ ഡബ്ല്യൂ എഫ്, സി ജിഎസ് ടി , എസ് ജി എസ് ടി എന്നിവ നടത്തിയിരിയ്ക്കുന്നത് . കാലിബാരൽ തുക കുറച്ച തുകയ്ക്ക് റിക്കവറി ഈടാക്കിയതിനാൽ ആദായ നികുതി, കെ സി ഡബ്ല്യൂ ഡബ്ല്യൂ എഫ് ,ജി എസ് ടി എന്നിവ ഈടാക്കിയത് കുറവാണ് . ആയത് പരിശോധിക്കേണ്ടതാണ്

മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രദർശിപ്പിക്കാത്തത്

പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്, വർഷം ചെലവഴിച്ച തുക, ഫണ്ടിനം, തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും സർക്കാർ ഉത്തരവ് (കൈ)നം 11/2018തസ്വഭവ ,തീയതി 29.1.2018 ഖ-13.5 ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷം നടപ്പിലാക്കിയ മിക്ക പ്രവൃത്തികൾക്കും ഡിസ്പ്ലേ ബോർഡുകൾക്കായി എസ്റ്റിമേറ്റിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ വേണ്ട തുക ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബോർഡ് സ്ഥാപിച്ചിട്ടില്ല .ഉദാ- കൊയ്യോട് കീച്ചിപ്രത്ത് കുന്നംമ്പ്രം റോഡ് ടാറിംഗ് പ്രോ.നം. 111/2019-20

തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനിയർക്ക് അഡീഷണൽചാർജ്ജ് ആയതിനാലാണ് സെലക്ഷൻ നോട്ടീസ് അയക്കാൻ കഴിയാഞ്ഞതെന്നും, പരാമർശിച്ച മറ്റ് അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തി ഡിസ്പ്ലേബോർഡ് സ്ഥാപിക്കുന്നതുവരെ ബിൽ സമർപ്പിക്കാതിരുന്നാൽ ആ വർഷത്തെ ഫണ്ട് ലാപ്സാകുന്നതിനാലാണ് ബോർഡ് സ്ഥാപിക്കാതിരുന്നതെന്നും തുടർ വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഫയലുകൾ കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 13 തീ. 19.03.2021 & 23 തീ.17.03.2021 അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 റർബൻ ഫണ്ട് - കരാറിലേർപ്പെടാതെ വൻ തുക ഡപ്പോസിറ്റ് നൽകി -പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഓഡിറ്റ് അന്വേഷണം നമ്പർ : 21/: 16-03-2021

നാഷനൽ റൂറൽ മിഷൻ പദ്ധതിയിലുൾപ്പെടുത്തി റർബൻ മിഷൻ ഫണ്ട് വിനിയോഗിച്ച് പഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പദ്ധതികളുടെ നടത്തിപ്പിലേക്കായി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക വിവിധ ഏജൻസികൾക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുത്തിരിക്കുന്നു

| ക്രമ നം | വൗച്ചർ നം/ തിയ്യതി | അടങ്കൽ ₹ | ചെലവ് തുക ₹ | തുക കൈപ്പറ്റിയ ഏജൻസി | തുക കൈമാറിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|---|---|
| 1 | 21900619/3.12.19 | 3,00,00,000 | 2,82,82,750 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| 2 | 21900628/5.12.19 | 75,00,000 | 75,00,000 | കേരള വാട്ടർ അതോറിറ്റി | പഴയ ജി എൽ റിസർവോയർ മാറ്റി 6.70ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജി എൽ റിസർവോയർ സ്ഥാപിക്കുന്നതിന്. |
| 3 | 21900812/23.01.20 | 21,00,000 | 8,40,000 | കെൽട്രോൺ | അയുർവേദ ആശുപത്രി, വെറ്റിനറി ഡിസ്പെൻസറി, ബഡ്സ് സ്കൂൾ, അംഗനവാടികൾ എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന്. |

ക്രമ നം 1,2

1)ഡിസംബർ/2019 ൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം തുക വാട്ടർ അതോറിറ്റിക്ക് നൽകിയെങ്കിലും പ്രവൃത്തി നടപ്പിലാക്കുന്നതിനായുള്ള കരാറിൽ ഒപ്പു വച്ചിരിക്കുന്നത് 30.12.2020 ൽ മാത്രമാണ്. തുക അനുവദിച്ചതിന് ശേഷം 1 വർഷത്തോളം കാലം യാതൊരു പ്രവൃത്തിയും നടത്താതെ രണ്ട് പ്രവൃത്തികൾക്കുമായി 3,57,82,750/- രൂപ വാട്ടർ അതോറിറ്റിയുടെ അക്കൌണ്ടിൽ കിടക്കുന്ന അവസ്ഥയുണ്ടായി. ഈ രീതിയിൽ കരാറിലേർപ്പെടാതെ ഭീമമായ തുക വിവിധ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് ഫണ്ട് വിനിയോഗത്തിലുള്ള ഗുരുതരമായ പാളിച്ചയാണ്. ഈ രീതിയിൽ ഫണ്ട് വിനിയോഗം നടത്തിയതിന് വ്യക്തമായ വിശദീകരണം ഹാജരാക്കേണ്ടതാണ്.

2)കരാർ നം 37/20/30.12.20 പ്രകാരം പൈപ്പ് ലൈൻ എക്സ്റ്റൻഷനും 38/20/30.12.2020 നമ്പർ കരാർ പ്രകാരം ജി എൽ റിസർവോയർ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നതും പ്രവൃത്തിയുടെ നടത്തിപ്പിലുണ്ടായ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

3. ജലവിതരണത്തിനായി കണ്ടെത്തിയ ജലസ്രോതസ്സുകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കാത്ത സാഹചര്യത്തിൽ പ്രവൃത്തിയുടെ ഫലപ്രാപ്തി ഏത് രീതിയിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

ക്രമ നം 3.

പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണുമായി ഉണ്ടാക്കിയ കരാർ പ്രകാരം (കരാർ നം 31/31.12.2019 ഖ 3) കരാർ ഒപ്പുവച്ചതിന് ശേഷം 3, 4 മാസത്തിനുള്ളിൽ പർച്ചേസ് ഓർഡർ പ്രകാരം പൂർത്തീകരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21/19-20 തീ.16.03.2021) ബഡ്സ് സ്കൂൾ ഒഴികെയുള്ള കെട്ടിടങ്ങളിലെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കരാർ പ്രകാരം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കെൽട്രോണിന് എതിരെ നടപടികൾ സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരണത്തിനുശേഷം പൂർത്തീകരണ സാക്ഷ്യപത്രവും ഇൻസുലേഷൻ സാക്ഷ്യപത്രവും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-26 ഹരിതകർമ്മസേനക്ക് - അഡ്വാൻസ് - ക്രമീകരിക്കേണ്ടതാണ്.

വൗച്ചർ നം 21900500/21.10.19 പ്രകാരം ഹരിതകർമ്മ സേനക്ക് ഹോണറേറിയം നൽകുന്നതിനായി 84,000/-

രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട് . വൗച്ചർ പ്രകാരം ഹരിതകർമ്മസേനയ്ക്ക് അനുവദിച്ച 84,000 രൂപ (ചെക്ക് നം. 086959 /21.10.19) ഹരിതകർമ്മ സേനയുടെ കൺവീനരുടെയും ചെയർ പേർസണിന്റെയും ജോയിന്റ് അക്കൗണ്ടായ കോയ്യോട് സർവ്വീസ് കൊ-ഓപ് ബാങ്കിലെ അക്കൌണ്ട് നം 130ൽ 31.10.2019 ന് ക്രഡിറ്റ് ആയിട്ടുള്ളത് 78000 രൂപ മാത്രമാണ്. 6000/- രൂപ കാഷ് ബുക്കിലും അക്കൌണ്ടിലും ഉൾപ്പെടുത്താതെ നേരിട്ട് ചെലവഴിക്കുകയാണുണ്ടായതെന്നാണ് ഇതുമായി ബന്ധപ്പെട്ട എൻക്വയറിക്ക്(എൻക്വയറി നം 25/18-03-2021) മറുപടി നൽകിയത്. കൂടാതെ അഡ്വാൻസായി അനുവദിച്ച തുക തൻമാസം തന്നെ ചെലവഴിക്കുകയുണ്ടായെങ്കിലും നാളിതുവരെ ചെലവ് കണക്കുകൾ ഹാജരാക്കി അഡ്വാൻസ് തുക ക്രമീകരിക്കുകയുണ്ടായില്ല. അക്കൌണ്ട് ചെയ്യപ്പെടാതെ തുക നേരിട്ട് ചെലവഴിക്കുന്നതും മുൻകൂർ തുക യഥാസമയം ക്രമീകരിക്കാതിരിക്കുന്നതും ധനവിനിയോഗ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വയോജനങ്ങൾക്ക് കട്ടിൽ വിതരണം -അപാകതകൾ - 4313 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു.

പദ്ധതിയുടെ പേര് ,നം-വയോജനങ്ങൾക്ക് കട്ടിൽ വിതരണം,34/19-20

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ- ₹500250/-

ചെലവ്- ₹499999/-

ബിൽ നം.22/19-20 തീയതി 13.03.2020 തുക- ₹477400/-(വികസനഫണ്ട്)

ചെക്ക് നം6067595 തീയതി 17.02.2020 തുക- ₹22599/-(തനതുഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥനായ ഐ.സി.ഡി.എസ് സൂപ്പർവൈസർ 2019-20 കാലയളവിൽ വയോജനങ്ങൾക്കായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ആർട്ട്കോയിൽ നിന്ന് 4313/- രൂപ നിരക്കിൽ 115 കട്ടിലുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ലോഡിംഗ് & അൺലോഡിംഗ് ചാർജ്ജ് ഉൾപ്പെടെ 4,99,999 ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.
നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ രേഖകൾ പ്രകാരം ,കട്ടിൽ ലഭിച്ച

ശ്രീമതി.ആസ്യ.കെ, അസീനാസ്, തന്നട എന്ന ഗുണഭോക്താവിന് രേഖകൾ പ്രകാരം 55 വയസ്സ് ആണ്. (ജനനതീയതി ആധാർ കാർഡ് പ്രകാരം 1965 ആണ്.) മാർഗ്ഗരേഖ സ.ഉ.കൈ നം22/2018/തസ്വഭവ തീയതി 14.02.18 7.1.13(2) പ്രകാരം മേൽ പദ്ധതി ഗുണഭോക്താക്കൾക്ക് 60 വയസ്സ് പൂർത്തിയാകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു(നം 15 തീയതി 15.03.2021) ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം വിതരണം ചെയ്യുകയായിരുന്നു എന്നാണു മറുപടി നൽകിയിരിക്കുന്നത്.ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വേളയിൽ തന്നെ അർഹതാ മാനദണ്ഡം കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ സാഹചര്യത്തിൽ മാർഗ്ഗരേഖക്കു വിരുദ്ധമായി 60 വയസ്സ് പൂർത്തിയാകാത്ത മേൽ ഗുണഭോക്താവിന് വിതരണം ചെയ്ത കട്ടിലിന്റെ വിലയായ 4313/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വയസു തെളിയിക്കുന്ന കൃത്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി- രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക 80187 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ / പേര് -121/2020 പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ)

അടങ്കൽ – ₹80187(SCP)

ബിൽ നമ്പർ തീയതി തുക- 02/26.09.2019- ₹70,000/-(SCP)

ബിൽ നമ്പർ തീയതി തുക- 04/18-10-2019- ₹10187(SCP)

മേൽ പ്രോജക്ട് പ്രകാരം പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീശൻ എം(F/O ശ്രീവിദ്യ എം) എന്ന ഗുണഭോക്താവിന് 70000 രൂപയും രാജീവൻ കെ( F/O ആദിത്യ കെ ) എന്ന ഗുണഭോക്താവിന് 10187 രൂപയും

അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള 800 ച അടിയിൽ അധികരിക്കാത്ത വീടിനോടൊപ്പമാണ് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കാവുന്നത്. സ.ഉ. (സാധാ)2636/2018/തസ്വഭവ 15.10.18 പ്രകാരം ധനസഹായം അനുവദിക്കാവുന്ന പഠനമുറിയുടെ തറവിസ്തീർണ്ണം 120 ച അടിയിൽ അധികരിക്കാവുന്നതല്ല. ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതിലേക്കായി ഹാജരാക്കിയ പ്ലാൻ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ നിലവിലുള്ള വീടിന്റെ വിസ്തീർണ്ണവും നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണ്ണവും മാർഗ്ഗരേഖനുസൃതമാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിനാൽ ചെലവ് തുകയായ 80187/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 പഠനമുറി നിർമ്മാണം എസ് സി - അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നമ്പർ / പേര് -23/2020 പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി

അടങ്കൽ - 340000(SCP)+60000(തനത്)

ബിൽ നമ്പർ തീയതി തുക - 05/09-11-2019 1,00,000/-(SCP)

ബിൽ നമ്പർ തീയതി തുക- 06/06-01-2020 ,50000/-(SCP)

ബിൽ നമ്പർ തീയതി തുക- 07/06-01-2020 ,50000/-(SCP)

മേൽ പ്രോജക്റ്റ പ്രകാരം രമേശൻ കെ ( F/O ശ്രീനന്ദ്) ദിനേശൻ കെ (F/O ദിൽഷിത്ത്) എന്നിവർക്ക് 1 ലക്ഷം രൂപ വീതം പഠന മുറി നിർമ്മിക്കുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട്. സ ഉ (കൈ) നം 22/2018/തസ്വഭവ 14.02.2018 ഖ 7.2.17 പ്രകാരം പട്ടികജാതി പട്ടിക വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള 800 ച അടിയിൽ അധികരിക്കാത്ത വീടിനോടൊപ്പമാണ് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കാവുന്നത്. സ.ഉ. (സാധാ)2636/2018/തസ്വഭവ 15.10.18 പ്രകാരം ധനസഹായം അനുവദിക്കാവുന്ന പഠനമുറിയുടെ തറവിസ്തീർണ്ണം 120 ച അടിയിൽ അധികരിക്കാവുന്നതല്ല. പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട് ദിനേശൻ കെ ഹാജരാക്കിയ പ്ലാൻ പ്രകാരം നിർമ്മിക്കാനുദ്ദേശിക്കുന്ന പഠനമുറിയുടെ വിസ്തീർണ്ണം 12.08 M2(130.136ച അടി )ഉം നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം 78.25m2( 842 ച അടി)ഉം രമേശൻ കെ യുടേത് 13.98m2 (150.48ച അടി)ഉം ആണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4/ 12-03-2021) താഴത്തെ നിലയിലെ മുറിക്ക് സമാനമായ മുറിമാത്രമേ സുരക്ഷിതമായി മുകളിൽ നിർമ്മിക്കാൻ സാധിക്കു എന്നതിനാലാണ് സർക്കാർ ഉത്തരവിൽ അനുവദനീയമായതിലും കൂടുതൽ വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മാണത്തിന് ധനസഹായം അനുവദിക്കാനുണ്ടായ സാഹചര്യം ഉണ്ടായതെന്നാണ് മറുപടി നൽകിയത്. ഉത്തരവ് പ്രകാരം 50000 രൂപ മാത്രമാണ് അഡ്വാൻസായി അനുവദിക്കാവുന്നത് ബാക്കി തുക പഠനമുറി പൂർത്തിയായതിനുശേഷം അസിസ്റ്റന്റ് എഞ്ചിനീയർ പഠന മുറിയുടെ മൂല്യ നിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം നൽകേണ്ടത്. ഇതിൽ നിന്നും വ്യത്യസ്ഥമായി ഗുണഭോക്താക്കൾക്ക് ബിൽ നം 5 ആദ്യഗഡുവായി 50000 രൂപ വീതവും ബിൽ നം 6,7 പ്രകാരം രണ്ടാം ഗഡുവായി 50000 രൂപ വീതവും നൽകുകയുണ്ടായി. പ്രാദേശിക പരിശോധന നടത്തിയാണ് തുക അനുവദിച്ചതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

2019-20 വർഷം ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ ആധാർ നമ്പർ, സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക വിതരണം ചെയ്യുന്നതിനായി അനുവദിക്കുകയും മസ്റ്ററിംഗ് നടത്താത്തതിനാൽ തുക ഗുണഭോക്താകൾക്ക് വിതരണം ചെയ്യാതെ തടഞ്ഞുവച്ചിട്ടുള്ളതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.ഉദാഹരണം ചുവടെ കൊടുക്കുന്നു. സ ഉ. (എം എസ്)483/17/ധന/06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ

മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നും സർക്കാർ നിർദ്ദേശം ഉണ്ട്.

| പേര്/ പെൻഷൻ അനുവദിക്കുന്ന സ്ഥാപനം | ആധാർ നമ്പർ | പെൻഷണർ ഐ ഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| കേളോത്ത് മുട്ട ചെറിയ കുഞ്ഞമ്പു | 550417 343808 | 1114204 00003 | 28.05.19 | 02/21 വരെയുള്ള തുകഅനുവദിച്ചത് മസ്റ്ററിംഗ് നടത്താത്തതിനാൽ തടഞ്ഞു വച്ചിരിക്കുകയാണ്. |
| അബ്ദുൾ അസീസ് കെ വി | 6025480 72487 | 112590 201991 | 03.06.2019 | “ |
| അനന്തൻ പി | 641777 245219 | 1114202 01981 | 16.06.19 | “ |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി അതാത് പ്രാദേശികസർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13) സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 4.3.2021മുതൽ6.3.2021വരെ | കെ.എസ്/.എ.കെ.എൻ.ആർ / സി.6/393/2021 തീയതി : 04/2021 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 365000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 365000 | 0 |
| | 485000 | പാലിയേറ്റീവ് കെയർ | 325737 | 159263 |
| | 200000 | പാലിന് സബ്സിഡി, 13/2020 | 200000 | 0 |
| | 180365 | ലൈഫ് മിഷൻ | 180365 | 0 |
| ജില്ലാ പഞ്ചായത്ത് | 102000 | സമഗ്ര നെൽകൃഷി വികസനം, 02/2020 | 102000 | 0 |
| | 499089 | സ്വാന്തന പരിചരണം & ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 499089 | 0 |

| | | | | |
|---|---|---|---|---|
| | | (നേരിട്ട് ചെലവഴിച്ചത്) | | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നമ്പർ&തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | അംഗൻവാടി വയറിങ്ങ്, 120/20 | 6/2.8.19 | 10,000 | 0 | 10,000 |
| കെ ഡബ്ല്യ എ | തന്നട മേപ്പൊയിൽ അംഗൻവാടിക്ക് പമ്പ് സെറ്റ് | 10/21.10.19 | 1,10,000 | 0 | 1,10,000 |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21900619/3.12.2019 | 2,82,82,750 | 0 | 2,82,82,750 |
| | പഴയ ജിഎൽ സർവീസ് റിസർവോയർ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് | 21900628/5.12.2019 | 75,00,000 | 0 | 75,00,000 |
| കെൽട്രോൺ | സോളാർ പാനൽ സ്ഥാപിക്കുന്നതിന് | 21900812/23.1.20 | 8,40.000 | 0 | 8,40,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ-

ഇല്ല

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം/ഷെയർ വിവരങ്ങൾ | 5,30,000 |
| തൻവർഷം നിക്ഷേപിച്ച തുക | 34,877 |
| ആകെ | 5,64,877 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,64,877 |

വർഷാവസാനം അവശേഷിക്കുന്ന ഷെയർ/സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിൻറെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ കൊഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | 6.8.2015 | ഷെയർ | 10,000/- | 50 തീയതി 6.8.2015 (ഷെയറുകൾ) |
| 2 | മലബാർ ടൂറിസം ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | 27.09.2004 | ഷെയർ | 20,000/ | 185 തീയതി 27.09.2004 (ഷെയറുകൾ) |
| 3 | എസ്ബിഐ, ചക്കരക്കൽ | 30.03.2019 | 30.03.2020 | 5,00,000+ 34,877(പലിശ) | ഫിക്സഡ് ഡെപ്പോസിറ്റ് |
| | ആകെ | | | 5,64,877 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,23,68,920.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,70,74,919.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3010 |
| തടസ്സപ്പെടുത്തിയ തുക | 84,500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക ₹ | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 3010 | ശ്രീ.സുനിൽകുമാർ.പി(അസിസ്റ്റന്റ് എഞ്ചിനിയർ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | ₹4,313 | ശ്രീമതി.ശ്രീലത(ഐ സി ഡി എസ് സൂപ്പർവൈസർ) |

| | | |
|---|---|---|
| 1-28 | ₹80,187 | ശ്രീമതി.ബിന്റി ലക്ഷ്മണൻ(അസിസ്റ്റന്റ് സെക്രട്ടറി ) |
| ആകെ | ₹84500 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ</u>

<u>എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 1086 | ശ്രീ.സുനിൽകുമാർ.പി(അസിസ്റ്റന്റ് എഞ്ചിനിയർ) |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.സുനിൽകുമാർ.പി | അസിസ്റ്റന്റ് എഞ്ചിനിയർ ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | പുന്നക്കൽ കടലായി (പി ഒ) |
| ശ്രീമതി.ശ്രീലത | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീനാരായണ കടമ്പൂർ |
| ശ്രീമതി.ബിന്റി ലക്ഷ്മണൻ | അസിസ്റ്റന്റ് സെക്രട്ടറി | കുന്നഞ്ചേരി ഹൗസ് മിടാവിലോട് |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2008-09 | കെ എസ് എ /കെ എൻ ആർ / സി6 725/2019 തീയതി 11.06.2019 | 1 | |
| 2009-10 | കെ എസ് എ /കെ എൻ ആർ / സി6 725/2019 തീയതി 11.06.2019 | 5 | |
| 2010-11 | കെ എസ് എ /കെ എൻ ആർ / സി6 725/2019 തീയതി 11.06.2019 | 9 | |
| 2011-12,2012-13 | കെ എസ് എ /കെ എൻ ആർ / സി6 725/2019 തീയതി 11.06.2019 | 10 | |
| 2013-14,2014-15 | കെ എസ് എ /കെ എൻ ആർ / സി6 725/2019 തീയതി 11.06.2019 | 3 | |
| 2015-16 | കെ എസ് എ /കെ എൻ ആർ / സി2 /956/2016 തീയതി 1.12.2016 | 14 | |
| 2016-17 | | | |

| | | | |
|---|---|---|---|
| 2016-17 | കെ എസ് എ /കെ എൻ ആർ / സി2 /979/2016 തീയതി 3.07.2017 | 11 | |
| 2017-18 | കെ എസ് എ /കെ എൻ ആർ / സി6 /1907/2018 തീയതി 20.12.2018 | 15 | |
| 2018-19 | കെ എസ് എ /കെ എൻ ആർ / സി6/1566/2019 തീയതി 1.11.2019 | 8 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>.ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Chembilode Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 26526760.95 |
| Cash | Cash | RP-40(a) | 1783.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2645680.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 3360880.00 |
| 150000000 | Sale & Hire Charges | RP-5 | 70743.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41436272.00 |
| 171000000 | Interest Earned | RP-9 | 1063782.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 42797003.00 |
| 350000000 | Other Liabilities | RP-36 | 529045.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 25613.00 |
| 340000000 | Deposits Received | RP-34 | 1553656.00 |
| 350000000 | Other Liabilities | RP-36 | 1706484.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7179762.00 |
| | Grand total | | 128897463.95 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3673139.00 |
| 220000000 | Administrative Expenses | RP-12 | 771957.00 |
| 230000000 | Operations & Maintenance | RP-13 | 1908327.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5836130.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15987131.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 170314.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 523866.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 412920.00 |
| 255000000 | Maintenance Projects | RP-20 | 5010301.00 |
| | | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25000.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -110510.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14743.00 |
| 350000000 | Other Liabilities | RP-36 | 4692307.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 143.00 |
| 280000000 | Prior Period Item | RP-26 | -7600.00 |
| 311000000 | Earmarked Funds | RP-29 | 6000.00 |
| 340000000 | Deposits Received | RP-34 | 79135.00 |
| 350000000 | Other Liabilities | RP-36 | 3616856.00 |
| 410000000 | Fixed Assets | RP-38 | 5084384.00 |
| 412000000 | Capital work in Progress | RP-40 | 348217.00 |
| 460000000 | Loans, Advances and Deposits | RP-47 | 39032159.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 41713599.95 |
| Cash | Cash | RP-40(b) | 108945.00 |
| | Grand Total | | 128897463.95 |

## Annex3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Chembilode Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9127572.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1382426.00 |
| 140000000 | Fee & User Charges | I-4(b) | 5953808.00 |
| 150000000 | Sale & Hire Charges | I-5(b) | 80165.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 123295993.00 |
| 170000000 | Income from Investments | I-7 | 34877.00 |
| 171000000 | Interest Earned | I-8 | 1063782.00 |
| 180000000 | Other Income | I-9 | 632109.00 |
| | Total Income | | 141570732.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10659180.00 |
| 220000000 | Administrative Expenses | I-11(b) | 783435.00 |
| 230000000 | Operations & Maintenance | I-12(b) | 1917579.00 |
| 240000000 | Interest & Finance Charges | I-13 | 143.00 |
| 250000000 | Decentralised Plan Programme-Productive | I-14 | 6760546.00 |

| | | | |
|---|---|---|---|
| | Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 25265136.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 195460.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 718973.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 23717220.00 |
| 255000000 | Maintenance Projects | I-14(e) | 5010301.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 25000.00 |
| 272000000 | Depreciation | I-17(a) | 8819674.00 |
| | Total Expenditure | | 83872647.00 |
| | Gross Surplus/ Deficit of income over Expenditure | | 57698085.00 |
| 280000000 | Prior Period Item | I-18 | -14631074.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 72329159.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Chembilode Grama Panchayat BALANCE SHEET | | | |
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 68188616.10 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 69012.00 |
| 312000000 | Reserves | B-3 | 63806555.00 |
| | Total Reserve & Surplus | | 132064183.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4209216.00 |
| | Total Grants, Contributions for Specific Purposes | | 4209216.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 4325909.00 |
| 350000000 | Other Liabilities | B-9 | 2529846.85 |
| | Total Current Liabilities and Provisions | | 6855755.85 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 143129154.95 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 112904060.00 |
| 411000000 | Accumulated Depreciation | B-11 | -52447850.00 |
| 412000000 | Capital Work in Progress | B-11(a) | 348217.00 |
| | Total Fixed Assets | | 60804427.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 564877.00 |
| | Total Investments | | 564877.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 256176.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 41822544.95 |
| | | | |
| 460000000 | Loans, Advances and Deposits | B-18 | 39681130.00 |
| | Total Current Assets, Loans and Advances | | 81759850.95 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 143129154.95 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.